LIBRARY ARCHIVES Kerala Legislative Assembly

പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജനം

165 (166) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ ആസ്ഥാനമായി പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസലിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ സ്വീകരിക്കുമോ ?

ഉത്തരം

(എ & ബി) പുതിയതായി ആരംഭിയ്ക്കേണ്ട പോലീസ് സ്റ്റേഷനുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കുന്നതിനായി ഒരു പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ പി. & എ.ആർ.ഡി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായ ശേഷം കണ്ണൂർ ജില്ലയിലെ പെരിങ്ങോം പോലീസ് സ്റ്റേഷൻ വിഭജിച്ച് ചെറുപുഴ പോലീസ് സ്റ്റേഷൻ രൂപീകരിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

പെരിങ്ങോം പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കൊലപാതകം

166 (167) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ പെരിങ്ങോം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ ചെറുപുഴ കാക്കേയംചാലിൽ കൊല്ലപ്പെട്ട മറിയക്കുട്ടിയുടെ കൊലപാതകം സംബന്ധിച്ച അന്വേഷണത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കാമോ ;

(ബി) കൊലപാതകം കഴിഞ്ഞ് രണ്ടരവർഷം കഴിഞ്ഞിട്ടും പ്രതികളെ കണ്ടെത്താൻ സാധിക്കാത്തതിന്റെ കാരണം വിശദമാക്കാമോ ;

(സി) കൊലപാതകത്തിന്റെ അന്വേഷണം ഉന്നതതലത്തിലുള്ള ഏജൻസിയെ ഏല്പിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) പെരുങ്ങോം പോലീസ് സ്റ്റേഷൻ പരിധിയിൽ കവർച്ചയ്ക്കിടെ മറിയക്കുട്ടി എന്ന സ്ത്രീ കൊല്ലപ്പെട്ടതിന് ക്രൈം നമ്പർ 188/2012 u/s 457, 302, 394 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരവെ, ഊർജ്ജിത അന്വേഷണത്തിനായി ടി കേസ് ക്രൈം ബ്രാഞ്ച്